"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ കാരാട്ട് അരയാൽ - മംഗലപ്പള്ളി - പുതിയോത്തിറ കിണർ റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.431/2025/DMD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 01.08.2023 തീയതിയിലെ സ. ഉ. (സാധാ) നം.495/2023ഡി.എം.ഡി.
2. കണ്ണൂർ ജില്ലാകളക്ടറുടെ 06.05.2025 തീയതിയിലെ DCKNR/4896/2024-DM3

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ കാരാട്ട് അരയാൽ - മംഗലപ്പള്ളി - പുതിയോത്തിറ കിണർ റോഡ് പ്രവൃത്തിക്ക് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ട്. മേൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 3 തവണ ടെണ്ടർ ചെയ്യേണ്ടതായി വന്നിട്ടുണ്ടെന്നും ആദ്യ ടെണ്ടറുകൾ കരാറുകാർ ആരും തന്നെ എടുക്കാത്തതിനാൽ പ്രവൃത്തി നിശ്ചിത സമയത്ത് കരാറിലേർപ്പെടാനും പൂർത്തീകരിക്കാനും സാധിച്ചില്ലായെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ കാരാട്ട് അരയാൽ - മംഗലപ്പള്ളി - പുതിയോത്തിറ കിണർ റോഡ് പുനരുദ്ധാരണ പ്രവ്ൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിലേർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/102/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S.R
സെക്ഷൻ ഓഫീസർ
Date: 30-06-2025 10:06:14

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്